**കേരള സർവകലാശാല**

**കാര്യവട്ടം ക്യാമ്പസ്     തിരുവനന്തപുരം**

**www.keralauniversity.ac.in**

**<u>ദർഘാസ് നോട്ടീസ്</u>**

കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിൽ **,ബ്ലോക്ക് രണ്ടിൽ** കരാറടിസ്ഥാനത്തിൽ പൂന്തോട്ടപരിപാലനം,ശുചീകരണം, എന്നിവയിൽ മുൻപരിചയമുള്ളവ്യക്തികൾ, സ്വകാര്യ ഏജൻസികൾ, സ്ഥാപനങ്ങൾ,സഹകരണ സ്ഥാപനങ്ങൾ,സന്നദ്ധസംഘടനകൾഎന്നിവരിൽ നിന്നും വാർഷിക അടിസ്ഥാനത്തിൽ മുദ്രവച്ച ദർഘാസുകൾക്ഷണിക്കുന്നു .

മുദ്ര വച്ച ദർഘാസുകൾ, കേരള സർവകലാശാലയുടെകാര്യവട്ടം ക്യാമ്പസിലെ ക്യാമ്പസ് ഭരണവിഭാഗം ഡെപ്യൂട്ടിരജിസ്ട്രാറുടെ പേരിൽ എടുത്ത എസ്.ബി.ഐ കാര്യവട്ടത്തെബ്രാഞ്ചിൽ മാറാവുന്ന 2,000/രൂപയുടെ(രണ്ടായിരംരൂപ മാത്രം) ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം "Quotation for Gardening and cleaning in the University Campus,Karyavattom(Block 2)"എന്ന തലക്കെട്ടോടു കൂടി 31/10/2025ആം തീയതി 3മണിക്കു മുൻപായി കാര്യവട്ടം ക്യാമ്പസ് ഭരണവിഭാഗം ജോയിൻറ് രജിസ്ട്രാറുടെ ഓഫീസിൽ ലഭിക്കേണ്ടതാണ്.കൂടുതൽ വിവരങ്ങൾക്കുംനിബന്ധനകൾക്കും മേൽപറഞ്ഞ ഓഫീസുമായിബന്ധപ്പെടുകയോ www.keralauniveristy.ac.in എന്നവെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

മുദ്രവച്ച ദർഘാസുകൾ അന്നേദിവസം 4മണിക്ക് കാര്യവട്ടം ക്യാമ്പസ് അഡ്മിനിസ്ട്രേഷൻ ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽവച്ച് തുറക്കുന്നതാണ്. ദർഘാസുകൾ സംബന്ധിച്ച് അന്തിമ തീരുമാനം സർവകലാശാല രജിസ്ട്രാറുടേത് ആയിരിക്കും.

രജിസ്ട്രാർ

Draft #13 of File 65885/Admn B I/2023/UOK Approved by Registrar(i/c) on 18-Oct-2025 02:33 PM - Page 1

The document is digitally approved. Hence signature is not needed.

**ജോലിയുടെ പൊതു  സ്വഭാവവും വ്യവസ്ഥകളും**

**ബ്ലോക്ക് 2**

**1. ശുചീകരണം ചെയ്യേണ്ട സ്ഥലങ്ങൾ**

റൌണ്ട് മുതൽ വെസ്റ്റ് ഗേറ്റ് ഫ്രണ്ട് വരെയുള്ള പൊതു റോഡ്,ക്ലിഫ് വർക്ക്ഷോപ്പ് മുതൽ എഞ്ചിനീയറിംഗ്കോളേജിന്റെ മുൻവശംവഴി ഐ.എം.കെ.യുടെ മുൻവശം വരെയുള്ള പൊതു റോഡ്,എഞ്ചിനീയറിംഗ്കോളേജ് മുതൽ ഫിസിക്സ്,ബയോകെമിസ്ട്രി കമ്പ്യൂട്ടർസയൻസ് വഴി മെയിൻറോഡിൽ ചേരുന്ന വരെയുള്ള പൊതുറോഡ്,ബയോകെമിസ്ട്രി മുതലുള്ള പൊതുറോഡും പരിസരവും,ജിയോളജിയുടെ വശത്തുള്ള കാർപാർക്കിംഗ ്,ബയോടെക്നോളജി,ഐ.എം.കെ,ഫിസിക്സ് ലാബ്,ഹോസ്റ്റൽസ്,ഹെൽത്ത് സെന്റർ തുടങ്ങിയവയിൽ കയറുന്ന റോഡ്,എച്ച്ആർ.ഡി.സിഗസ്റ്റ് ഹൌസ ്,വി,സികോർട്ടേഴ്സ്,ഇവയിലേക്കുള്ള റോഡുംഅതിന്റെ പരിസരവും.എഞ്ചിനീയറിംഗ് കോളേജ് പരിസരം,ലേഡീസ് റസ്റ്റ്റൂം(അകവുംപുറവും),അംബേദ്കർ ചെയർ, യോഗാ സെൻറർ,ഐ.എം.കെ ക്കു സമീപമുള്ള പൊതു ശൌചാലയം , എഞ്ചിനീയറിങ് കോളേജിന് എതിർവശം ഉള്ള ക്യാമ്പസ് ഗ്രൗണ്ട്, ഹൈമവതി കുളത്തിനു സമീപവും അക്വാട്ടിക് ബയോളജി ഡിപ്പാർട്ട്മെന്റിന് സമീപവുമുള്ള പമ്പ് ഹൌസുകൾ, സുഗത കുമാരി സ്മൃതി വനം അവിടേക്കുള്ള പൊതു റോഡ് ,IUCGGT , മുതൽ നാനോ സയൻസ് വരെയുള്ള പൊതു റോഡ് .

- മുകളിൽ പരാമർശിരിക്കുന്ന സ്ഥലങ്ങൾ രാവിലെ 9 മണിക്ക് മുൻപായി പരമാവധി ശുത്ത് വൃത്തിയാക്കേണ്ടതാണ്. കൂടാതെ മാലിന്യങ്ങൾ ജൈവം, അജൈവം, പുനഃസ്ഥാപിക്കാൻ കഴിയുന്നത്, പുനഃസ്ഥാപിക്കാൻ കഴിയാത്തത്,(പ്ലാസ്റ്റിക് മുതലായവ ) എന്നിങ്ങനെ തരം തിരിച്ച് നിർദേശിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ നിക്ഷേപിക്കേണ്ടതാണ്. കൂടാതെ ശുചീകരണ തൊഴിലാളികൾ രാവിലെ 7 .30 മണി മുതൽ വൈകുന്നേരം 2 .30 മണി വരെ ശുചീകരണ പ്രവർത്തങ്ങൾ നടത്തേണ്ടതും ഈ സ്ഥലങ്ങൾ എപ്പോഴുംവൃത്തിയായി നില നിർത്തേണ്ടതുമാണ്.
- വൃത്തിയാക്കുവാനുള്ള ഉപകരണങ്ങൾ (ചൂല്, കുട്ട, മൺവെട്ടി മുതലായവ)സ്വന്തം ചിലവിൽ കൊണ്ടുവരണം .
- ഈ ഭാഗങ്ങളിലുള്ള പുല്ല് മാസത്തിൽ ഒരു തവണ എന്ന നിലയിൽ കട്ടിങ് ഉപകരണങ്ങൾ ഉപയോഗിച്ച് ചെത്തി വൃത്തിയാക്കേണ്ടതാണ്.

Draft #13 of File 65885/Admn B I/2023/UOK Approved by Registrar(i/c) on 18-Oct-2025 02:33 PM - Page 2

Draft #13 of File 65885/Admn B I/2023/UOK Approved by Registrar(i/c) on 18-Oct-2025 02:33 PM - Page 3

## 2. പൂന്തോട്ട പുൽത്തകിടി പരിചരണം ചെയ്യേണ്ട സ്ഥലങ്ങൾ

ബയോടെക്നോളജി, ,IUCGGT ,ഐ.എം.കെ, ഹെൽത്ത് സെന്റർ, ഹോസ്റ്റലുകൾ എച്ച് .ആർ.ഡി.സി ഗസ്റ്റ്ഹൌസ്,വിസികോർട്ടേഴ്സ്, എഞ്ചിനീയറിംഗ് കോളേജിനു മുൻവശ മുള്ള സരോവരംപാർക്ക്,ഫിസിക്സ്, കമ്പ്യൂട്ടർസയൻസ്,കെമിസ്ട്രി ഇവിടങ്ങളിലെയും പൊതു റോഡിൻറെ വശങ്ങളിലെയും എല്ലാ പൂന്തോട്ടവും പുൽത്തകിടികളും.

- ചെടി നനയ്ക്കൽ, വളപ്രയോഗം,കളപറിക്കൽ,ചെടി നടൽ, ചെടി ഒതുക്കൽ പുൽത്ത കിടിപരിചരണം മുതലായജോലികൾ ഇതിന്റെഭാഗമായിചെയ്യണം,ചെടിനനയ്ക്കാനുള്ള ഉപകരണങ്ങൾ(ഹോസ് മുതലായവ) കരാറുകാരൻ കൊണ്ട് വരേണ്ടതാണ്.
- പൂന്തോട്ടങ്ങൾ എല്ലായ്പ്പോഴും ഭംഗിയായി നില നിർത്തേണ്ടതാണ്. ഇതിനായി ചെടികൾ വെട്ടി ഒതുക്കുകയും കേടായ ശാഖകൾ നീക്കം ചെയ്തു രൂപ ഭംഗി വരുത്തേണ്ടതുമാണ്.
- ചെടി നന ആവശ്യമായ എല്ലാ ദിവസങ്ങളിലും (മഴ സമയങ്ങൾ ഒഴിച്ച്) അവധി ദിനമുൾപ്പെടെ ചെയ്യേണ്ടതാണ്.
- ആവശ്യമായ നന,പരിചരണം ഇവയുടെ അഭാവം മൂലം ചെടികൾക്കുണ്ടാവുന്ന നാശ ത്തിനു കരാറുകാരൻ ഉത്തരവാദിയായിരിക്കും .
- പരിചരണത്തിനാവശ്യമായ വളം,മരുന്നുകൾ,വിത്ത്,മുതലായവ കരാറുകാരൻ സ്വന്തം നിലക്ക് വാങ്ങേണ്ടതാണ് ഇവ ആവശ്യമായ അളവിൽ കൃത്യമായ ഇടവേളകളി ൽ പ്രയോഗിക്കേണ്ടതാണ്.

## പൊതുവ്യവസ്ഥകൾ

1. കരാറുകാരന് GST രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കണം. കരാറുകാരൻ ക്വട്ടേഷനിൽ/ലേലത്തിൽ രേഖപ്പെടുത്തുന്ന തുക ജി.എസ്.ടി ഉൾപ്പെടെ എല്ലാ നികുതികളും ഉൾപ്പെടുന്നതായിരിക്കണം.
2. മുൻകൂട്ടി അറിയിച്ചതിനു ശേഷം ചെയ്യേണ്ടുന്ന ജോലിയുടെ സ്ഥലവും സ്വഭാവവും അളവും ക്യാമ്പസ്സിൽ വന്നു നേരിട്ട് ബോധ്യപ്പെടാവുന്നതാണ്.
3. മേഖലയിൽ മുൻ പരിചയമുള്ളവർക്കും,സഹകരണ മേഖല/ഗവൺമെൻറ് ഏജൻസികൾക്കും മുൻഗണന നൽകുന്നതാണ്.അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഇതോടൊപ്പം ഹാജരാക്കേണ്ടതാണ്.
4. കരാറെടുക്കുന്ന വ്യക്തി/സ്ഥാപനം സർവകലാശാലയുമായി 200 രൂപയുടെ മുദ്ര പത്രത്തിൽ ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.
5. കരാർ ലഭിച്ച വ്യക്തി 10,000/രൂപ തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകേണ്ടതാണ്.
6. ക്യാമ്പസ് ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാറോ ജോയിൻറ് രജിസ്ട്രാർ നിർദേശിക്കുന്ന ഏതെങ്കിലും ജീവനക്കാരനോ കരാറുകാരൻ ഏറ്റെടുക്കുന്ന ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നതായിരിക്കും.
7. പൊതു ശൗചാലയങ്ങൾ രാവിലെ 9 മണി മുതൽ ശുചിയാക്കേണ്ടതും ശുചീകരണം വൈകിട്ട് 2 .30 മണി വരെ തുടരേണ്ടതുമാണ്. ക്ലീനിംഗിനായി ആവശ്യമായ ബ്രഷ് , ഡിറ്റർജന്റ്, ലോഷൻ മുതലായവ കരാറുകാരൻ സ്വന്തം നിലക്ക് കൊണ്ട് വരേണ്ടതാണ് .
8. കരാറുകാരൻ ഏർപെടുത്തുന്ന ജോലിക്കാർക്ക് നിയമപരമായ എല്ലാ ആനുകൂല്യങ്ങളും അവകാശങ്ങളും കരാറുകാരൻ നൽകേണ്ടതാണ്
9. കരാറുകാരൻ എല്ലാ മാസവും 5 ആം തീയതിക്കുള്ളിൽ ബില്ലുകളും അനുബന്ധ രേഖകളും സ്വയം സാക്ഷ്യപ്പെടുത്തി ക്യാമ്പസ് ഭരണവിഭാഗം ഓഫീസിൽ നൽകേണ്ടതാണ്.
10. കരാറുകാരൻ ആവശ്യമായ സേവനത്തിൽ കുറവ് വരുത്തിയാൽ കരാർ തുകയിലും ആനുപാതികമായ കുറവ് വരുത്തുന്നതാണ്.സേവനം തീരെ തൃപ്തികരമല്ലെങ്കിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള അവകാശം രജിസ്ട്രാർക്കുണ്ടായിരിക്കും.

Draft #13 of File 65885/Admn B I/2023/UOK Approved by Registrar(i/c) on 18-Oct-2025 02:33 PM - Page 4

11. കരാറുകാരൻ ഏർപ്പെടുത്തിയിട്ടുള്ള ജോലിക്കാരുടെ പേരും വിലാസവും ക്യാമ്പസ് വിഭാഗം ജോയിന്റ് രജിസ്ട്രാർ മുൻപാകെ അറിയിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.
12. എല്ലാ ശുചീകരണ തൊഴിലാളികൾക്കും ഫോട്ടോ പതിച്ച ഐഡൻറിറ്റി കാർഡ് കരാറുകാരൻ നൽകേണ്ടതാണ്.
13. എല്ലാ ദിവസവും കരാറിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ വൃത്തിയാക്കുന്നുണ്ടെന്ന് കരാറുകാരൻ ഉറപ്പ് വരുത്തേണ്ടതാണ്.
14. സർവകലാശാല കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദേശങ്ങളും ഉത്തരവു കളും കരാറുകാരൻ പാലിക്കേണ്ടതാണ്.

രജിസ്ട്രാർ

UNIVERSITY OF KERALA
कर्मणि व्यज्यते प्रज्ञा

Draft #13 of File 65885/Admn B I/2023/UOK Approved by Registrar(i/c) on 18-Oct-2025 02:33 PM - Page 5